പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1375.

08.02.2013 ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ പാചകവാതക സിലിണ്ടറുകൾ യഥാസമയം ലഭ്യമാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക സിലിണ്ടറുകൾ ഒരു വർഷത്തേയ്ക്ക് എത്ര എണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) ഗാർഹിക ഉപഭോക്താക്കൾക്ക് 14.09.2012 മുതൽ 31.3.2013 വരെ 5 പാചക വാതക സിലിണ്ടറുകളും 01.04.2013 മുതൽ വർഷത്തിൽ 9 പാചക വാതക സിലിണ്ടറുകളുമാണ് സബ്സിഡി നിരക്കിൽ നല്കുന്നത്. സബ്സിഡിയില്ലാത്ത സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിൽ പരിധിയില്ല. |
| (ബി) ആദ്യത്തെ സിലിണ്ടർ ലഭിച്ച് എത്ര ദിവസം കഴിഞ്ഞാണ് രണ്ടാമത്തെ സിലിണ്ടർ ബുക്ക് ചെയ്യേണ്ടതെന്നും ബുക്ക് ചെയ്ത് എത്ര ദിവസത്തിനുശേഷമാണ് ഇത് ലഭിക്കുക എന്നും വ്യക്തമാക്കുമോ ; | (ബി) ആദ്യത്തെ സിലിണ്ടർ ലഭിച്ചുകഴിഞ്ഞാലുടൻതന്നെ രണ്ടാമത്തെ സിലിണ്ടറിനായി ബുക്ക് ചെയ്യാവുന്നതാണ് എന്നും ബുക്ക് ചെയ്ത് 21-30 ദിവസത്തിനകമാണ് പാചകവാതക വിതരണം നടത്തുന്നത് എന്നും എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത നിബന്ധനകൾ എല്ലാ ഏജൻസികൾക്കും ബാധകമാണോ എന്ന് വ്യക്തമാക്കുമോ ; | (സി) അതെ |

(ഡി) കോഴിക്കോട് ജില്ലയിൽ പല ഭാഗത്തും രണ്ടാമത്തെ സിലിണ്ടർ ലഭിക്കുന്നതിന് മാസങ്ങളോളം താമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

(ഡി) സംസ്ഥാനത്ത് രണ്ടാമത്തെ സിലിണ്ടറിനുവേണ്ടി രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് അവ നൽകിത്തുടങ്ങിയിട്ടുണ്ടെന്നും കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് രണ്ടാമത്തെ സിലിണ്ടറുകൾ ഉടനടി ലഭ്യമാക്കുമെന്നും ഇതു അറിയിച്ചുകൊണ്ടുള്ള കത്തുകൾ അയച്ചുകൊണ്ടിരിക്കുകയാണെന്നും എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ